**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **345** **28.05.2019-** ൽ മറുപടിയ്ക്ക്

## 'എന്റെ കൂട്' പദ്ധതിയുടെ വിശദാംശങ്ങൾ

ചോദ്യം | മറുപടി

ശ്രീ.തോമസ് ചാണ്ടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി.)

| | | |
|---|---|---|
| നഗരങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിത താവളങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'എന്റെ കൂട്' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | രാത്രികാലങ്ങളിൽ നഗരങ്ങളിൽ എത്തിച്ചേരുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതമായി താമസിക്കാൻ ഒരിടം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ, എന്നിവയുടെ സഹായത്തോടെ ഒരു രാത്രികാല അഭയകേന്ദ്രം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കോഴിക്കോട്ടും തിരുവനന്തപുരത്തും 'എന്റെ കൂട്' പദ്ധതി നടപ്പാക്കിയത്. തിരുവനന്തപുരത്ത് തമ്പാനൂർ KTDFC ബസ് ടെർമിനലിൽ എട്ടാം നിലയിലാണ് ഈ രാത്രികാല അഭയകേന്ദ്രം പ്രവർത്തിക്കുന്നത്. നഗരത്തിൽ എത്തിച്ചേരുന്ന വനിതകൾക്കും കൂടെയുള്ള 12 വയസ്സുവരെയുള്ള കുട്ടികൾക്കും വൈകുന്നേരം |

| | | |
|---|---|---|
| | | 5 മണിമുതൽ രാവിലെ 6 മണിവരെ സുരക്ഷിതമായ വിശ്രമം തികച്ചും സൗജന്യമായി നൽകുന്നു. 50 പേർക്ക് ഒരേ സമയം ഇവിടെ താമസിക്കാൻ സാധിക്കും. സമ്പൂർണ്ണമായും ശീതീകരിച്ച മുറികളാണ് താമസത്തിന് നൽകുക. സൗജന്യ ഭക്ഷണവും ടി.വി.യും മുഴുവൻ സമയ സെക്യൂരിറ്റിയും ഉൾപ്പെടെ താമസം പൂർണ്ണമായും സൗജന്യമാണ്. ഇതോടൊപ്പം അടുക്കളയും ശുചിമുറികളും സജ്ജീകരിച്ചിട്ടുണ്ട്. ജില്ലാ ഭരണകൂടം പോലീസ് വകുപ്പ് വിവിധ സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടുകൂടി വനിത ശിശുവികസന വകുപ്പിന്റെ മേൽനോട്ടത്തിലാണ് 'എന്റെ കൂട്' പദ്ധതി നടപ്പിലാക്കുന്നത്. എറണാകുളം ജില്ലയിൽ പദ്ധതി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**